# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 711 — 10.02.2016 -ൽ മറുപടിക്ക്

## സേഫ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ; | (എ) സേഫ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ പറയുന്നു.<br>* പൊതുജനാരോഗ്യ സംരക്ഷണം ഉറപ്പാക്കുക<br>* പകർച്ചവ്യാധികളെ ഫലപ്രദമായി തടയുക<br>* പകർച്ചവ്യാധികൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരമാവധി കുറയ്ക്കുക<br>* പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും നിയമസഹായത്തോടെ നിയന്ത്രിക്കുക<br>* പൊതുജനാരോഗ്യ കാര്യങ്ങളിൽ ഓരോരുത്തരുടെയും പങ്കും അവർ പാലിക്കേണ്ട കടമയും എന്തെന്ന് ബോധവൽക്കരിക്കുക.<br>* പരിസര ശുചീകരണം ഉറപ്പാക്കുക<br><br>വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, പൊതുസ്ഥലങ്ങൾ, ഭക്ഷണശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ, ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങിയവയിൽ സംസ്ഥാനത്താകമാനം ഒരേ ദിവസം ആരോഗ്യവകുപ്പ് ടീമുകൾ പരിശോധന നടത്തി പൊതുജനാരോഗ്യത്തിന് ഹാനികരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുന്നു. കൂടാതെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങൾ താൽക്കാലികമായി അടച്ചു പൂട്ടിക്കുന്നു. അതുമല്ലെങ്കിൽ ഫൈൻ ഈടാക്കുന്നു. |

(.....2)

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ ; | (ബി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസറും മറ്റ് പ്രോഗ്രാം ഓഫീസർമാരുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സീനിയർ ഓഫീസർമാരുടെയും നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ നിർദ്ദിഷ്ട ദിവസം നിർദ്ദിഷ്ട സ്ഥാപനങ്ങളിൽ/സ്ഥലങ്ങളിൽ പൊതുജനാരോഗ്യ പരിശോധന നടത്തുകയും പൊതുജനാരോഗ്യ നിയമ പ്രകാരം നടപടി എടുക്കുകയും ചെയ്യുന്നു. നോട്ടീസ് നൽകിയിട്ടും വ്യക്തി/സ്ഥാപനം തിരുത്തൽ നടപടി എടുക്കുന്നില്ല എങ്കിൽ ഫൈൻ ഈടാക്കുകയോ കൂടുതൽ പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്ഥാപനം അടച്ച് പൂട്ടുകയോ (താൽക്കാലികമായി) ചെയ്യും.<br>2015-ൽ 24 ദിവസം വിവിധ കേന്ദ്രങ്ങളിൽ സേഫ് കേരള പരിപാടി നടത്തി. കൂടാതെ തുടർ പരിശോധനകളും നടത്തി വരുത്തുന്നുണ്ട്. വീടുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, ഭക്ഷണ ശാലകൾ, സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ, ചന്തകൾ, ബസ്റ്റാന്റ്, ക്ലിനിക്കൽ ലബോറട്ടറികൾ തുടങ്ങിയവയിൽ ആണ് സേഫ് കേരള പരിപാടി അനുസരിച്ച് പരിശോധന നടത്തിയത്. ആകെ 857122 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയതിൽ 35169 പേർക്ക് / സ്ഥാപനത്തിന് നോട്ടീസ് കൊടുക്കുകയുണ്ടായി. |
| (സി) സേഫ് കേരള പദ്ധതി പ്രകാരം മെഡിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ? | (സി) മെഡിക്കൽ ഓഫീസറും ലബോറട്ടറി ടെക്നീഷ്യനും ഉൾപ്പെട്ട ടീമാണ് മെഡിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നത്. ലാബുകളിൽ ആവശ്യത്തിന് സ്ഥല സൗകര്യം ഉണ്ടോ, ആവശ്യാനുസരണമുള്ള അടിസ്ഥാന യോഗ്യതയുള്ള ജീവനക്കാരാണോ സേവനമനുഷ്ടിക്കുന്നത്, ഗുണനിലവാരമുള്ള ഉപകരണങ്ങളും രാസവസ്തുക്കളുമാണോ ഉപയോഗിക്കുന്നത്, മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യമുണ്ടോ, ആവശ്യത്തിന് ശുദ്ധജല സമൃദ്ധി ഉണ്ടോ തുടങ്ങി വിവിധ കാര്യങ്ങളാണ് പരിശോധിക്കുന്നത്. കൂടാതെ ഉപകരണങ്ങൾ അണുനശീകരണം നടത്തപ്പെടുന്നുണ്ടോ എന്നും പകർച്ചവ്യാധി സാഹചര്യങ്ങൾ ഉണ്ടോ എന്നും പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽ പോരായ്മകൾ കണ്ടാൽ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് എന്നിവ അനുസരിച്ചോ നടപടി എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ